**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2355** **15-10-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ ജോലി ചെയ്യുന്ന വിരമിച്ച ഐ.എ.എസ്. ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിരമിച്ച എത്ര ഐ.എ.എസ്. ജീവനക്കാർ കിഫ്ബിയിൽ ജോലി ചെയ്യുന്നുണ്ട്; അവരുടെ പേരും അവർ എന്ന് മുതലാണ് കിഫ്ബിയിൽ ജോലി ചെയ്യാൻ തുടങ്ങിയതെന്നും വ്യക്തമാക്കുമോ; ഇവരുടെ പ്രതിമാസ ശമ്പളം/ഓണറേറിയം/ വേജസ് എത്രയാണ്; അവർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | വിരമിച്ച 2 ഐ.എ.എസ് ജീവനക്കാരാണ് നിലവിൽ കിഫ്ബിയിൽ ജോലി ചെയ്യുന്നത്. അവരുടെ പേരും കിഫ്ബിയിൽ നിന്ന് നൽകുന്ന ശമ്പളം തുടങ്ങിയ മറ്റ് വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അവർക്ക് ഐ.എ.എസ്. തസ്തികയിൽ നിന്ന് വിരമിച്ച വകയിലെ പെൻഷനും ഇക്കാലയളവിൽ ലഭിക്കുമോ; കിഫ്ബി സി.ഇ.ഒ. ശമ്പള ഇനത്തിൽ നാളിതുവരെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്; മറ്റ് ആനുകൂല്യങ്ങളായി നാളിതുവരെ എത്ര തുക കൈപ്പറ്റിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഐ.എ.എസ് തസ്തികയിൽ നിന്ന് വിരമിച്ച വകയിലെ പെൻഷൻ ലഭിക്കും. കിഫ്ബി സി.ഇ.ഒ ക്ക് 2018 ജനുവരി മുതൽ ശമ്പള ഇനത്തിൽ 2,66,19,704 രൂപയും മറ്റ് ആനുകൂല്യങ്ങളായി 7,04,000 രൂപയും നാളിതുവരെ (6 വർഷവും 9 മാസവും) കൈപ്പറ്റിയിട്ടുണ്ട്. കിഫ്ബി സി.ഇ.ഒ എന്ന ജോലിയ്ക്ക് പുറമെ ഈ ഉദ്യോഗസ്ഥൻ ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി എന്ന പദവിയും, K-DISC ന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ എന്ന പദവിയും വഹിക്കുന്നുണ്ട്. പ്രസ്തുത പദവികൾക്ക് പ്രതിഫലം ഒന്നും കൈപ്പറ്റുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പേര് | തസ്തിക | ശമ്പളം (സെപ്റ്റംബർ മാസം) | ആനുകൂല്യങ്ങൾ |
|---|---|---|---|
| ഡോ. കെ.എം. എബ്രഹാം | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>01/01/2018 മുതൽ | 3,87,750 | ശമ്പളത്തിന് പുറമേ വാഹനം, മൊബൈൽ ചാർജ്ജ്, വീട്ടിലെ ടെലിഫോൺ ചാർജ്ജ്, വീട്ടിൽ ഇന്റർനെറ്റോട് കൂടിയ കമ്പ്യൂട്ടർ/ലാപ്ടോപ്പ് എന്നിവയും അനുവദിച്ചിട്ടുണ്ട് |
| ശ്രീമതി. മിനി ആന്റണി | അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ<br>21/08/2024 മുതൽ | 1,88,502 | ശമ്പളത്തിന് പുറമേ വാഹനം, മൊബൈൽ ചാർജ്ജ്, വീട്ടിലെ ടെലിഫോൺ ചാർജ്ജ്, വീട്ടിൽ ഇന്റർനെറ്റോട് കൂടിയ കമ്പ്യൂട്ടർ/ലാപ്ടോപ്പ് എന്നിവയും അനുവദിച്ചിട്ടുണ്ട് |

അക്കൗണ്ട്സ് ഓഫീസർ